(ബി) കടിവെള്ളസ്രോതസ്സുകളുടെ ദൗർലഭ്യത്തിന് ആശ്വാസം പകരാനായി കൂടുതൽ വിസ്തൃതിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളോടൊപ്പം മഴവെള്ള സംഭരണി നിർമ്മിക്കണമെന്ന ഭേദഗതിയും കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) 1999-ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVI-എ, 109 എ, ബി, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVI എന്നിവ പ്രകാരം റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സംവിധാനം നിഷ്കർഷിക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കളത്തൂർ ശ്രീ. ബി. മണിലാലിന് റസിഡൻഷ്യൽ പ്ലോട്ടിന്റെ ലേ-ഔട്ട് അപ്രൂവൽ**

77 (5425) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ ആറ്റിപ്ര സോണൽ ഓഫീസിൽ 17 റസിഡൻഷ്യൽ പ്ലോട്ടുകൾ തിരിയ്ക്കുന്നതിനായി, ലേ-ഔട്ട് അപ്രൂവൽ ലഭിക്കുന്നതിനായി, ബി. മണിലാൽ, ലാൽ ബിൽഡിംഗ്സ് (Lal Buildings), കളത്തൂർ എന്ന ആൾ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ടിയാൻ അപേക്ഷ നൽകിയത് ; ഇതിന്റെ പകർപ്പും, ഇതിലുള്ള മറ്റ് റിക്കോർഡുകളുടെ പകർപ്പും ലഭ്യമാക്കുമോ ;

(ബി) ടിയാന്റെ ഏത് വില്ലേജിലുള്ള ഏത് റീ-സർവ്വേയുള്ള, എത്ര ഏക്കർ വസ്തുവിലാണ് ലേ-ഔട്ടിന് അപേക്ഷിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ; ടിയാൻ അപേക്ഷ നൽകിയത് നേരിട്ടാണോ, അതോ ഏതെങ്കിലും ഏജൻസി വഴിയോ മറ്റ് ആൾക്കാർ വഴിയോ ആണോ; വിശദമാക്കുമോ ;

(സി) ടിയാന് എന്നാണ് റസിഡൻഷ്യൽ ലേ-ഔട്ട് അപ്രൂവൽ നൽകിയത്; ഏത് ഓഫീസിൽ നിന്നുമാണ് ഉത്തരവ് നൽകിയത് ; ഈ ഉത്തരവിന്റെ കോപ്പിയും, പ്ലാനിന്റെ കോപ്പിയും ലഭ്യമാക്കുമോ ;

(ഡി) അനധികൃത രാഷ്ട്രീയ സ്വാധീനം കൊണ്ടാണ് ടി അപ്രൂവൽ ലഭിച്ചിട്ടുള്ളതെന്ന വാർത്ത ശരിയാണോ; എല്ലാ നിയമങ്ങളും പാലിച്ചാണോ ഉത്തരവ് നൽകിയിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ടി ഉത്തരവ് പ്രകാരം ടിയാൻ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ടിയാൻ ഫീ അടച്ചത്; തുക എത്ര; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) ഇതിനുശേഷം ടിയാൻ പ്ലോട്ടുകളുടെ എണ്ണം കൂട്ടി ലേ-ഔട്ട് ഓർഡർ കിട്ടാൻ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അപേക്ഷയുടെ പകർപ്പും, അനുബന്ധ രേഖകളും ലഭ്യമാക്കുമോ ;

(ജി) ടി ലേ-ഔട്ടിന് എതിരെ ആരെങ്കിലും നഗരസഭയിൽ പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഈ വസ്തുവിൽ OS.73/2005 പ്രകാരം തിരുവനന്തപുരം കോടതിയിൽ കേസ് ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 11-9-2013-ൽ അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷയുടെ പകർപ്പ് അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്.*

(ബി) തിരുവനന്തപുരം ജില്ലയിൽ ആറ്റിപ്ര വില്ലേജിൽ റീസർവ്വേ നമ്പർ 145/12-ൽ 86.91 ആർ വിസ്തീർണ്ണമുള്ള വസ്തുവിലാണ് ലേ-ഔട്ടിന് അപേക്ഷിച്ചിരിക്കുന്നത്. ശ്രീ. ബി. മണിലാൽ ഒപ്പിട്ടു നൽകിയ അപേക്ഷയാണ് ലഭിച്ചിട്ടുള്ളത്.

(സി&ഡി) തിരുവനന്തപുരം നഗരസഭാ സെക്രട്ടറി 4-2-2014-ന് നിയമാനുസൃതമായാണ് ഉത്തരവ് നൽകിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*

(ഇ) 4-2-2014-ൽ 87,000 രൂപ (എൺപത്തേഴായിരം രൂപ മാത്രം) അപേക്ഷകൻ ലൈസൻസ് ഫീസായി ഒടുക്കിയിട്ടുണ്ട്. രസീതിന്റെ പകർപ്പ് അനുബന്ധം-III ആയി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.*

(എഫ്) അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷയുടെ പകർപ്പ് അനുബന്ധം - IV ആയി ചേർത്തിട്ടുണ്ട്.*

(ജി) ശ്രീ. തോമസ് ജോർജ്ജ് & ശ്രീ. ജോഷി കെ. ജോർജ്ജ്, കുറവേലിൽ പുത്തൻപുരയിൽ, റ്റി.സി. 10/948(8), മണ്ണാംമൂല, പേരൂർക്കട എന്നിവർ പരാതി നൽകിയിട്ടുണ്ട്. OS.73/2005 പ്രകാരം കേസ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly